നികുതിയിൽ ഒഴിവു നൽകുവാനോ കുറയ്ക്കുവാനോ ഉള്ള അധികാരം

15 [3300] ശ്രീ. ഇ. എം. അഗസ്തി:
,, ടി. വി. ചന്ദ്രമോഹൻ:
,, കെ. സി. വേണുഗോപാൽ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി നിയമത്തിലെ വ്യവസ്ഥയനുസരിച്ച് നികുതിയിൽ ഒഴിവു നൽകുവാനോ, കുറയ്ക്കുവാനോ ഉള്ള അധികാരം ആരിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്;

(ബി) ഈ അധികാരം ഗവൺമെന്റല്ലാതെ മറ്റേതെങ്കിലും അധികാരസ്ഥൻ വിനിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതധികാരസ്ഥൻ എന്നു പറയുമോ?

ഉത്തരം

(എ) കേരള വിൽപ്പന നികുതി നിയമം വകുപ്പ് 10 പ്രകാരം നികുതിയിൽ ഒഴിവോ, കിഴിവോ മുൻകാല പ്രാബല്യത്തോടോ, പിൻകാല പ്രാബല്യത്തോടോ നടപ്പിൽ വരുത്തുവാനുള്ള അധികാരം സർക്കാരിൽ മാത്രമാണ് നിക്ഷിപ്തമായിരിക്കുന്നത്.

(ബി) വിൽപ്പന നികുതി നിയമം, വകുപ്പ് 10 അനുസരിച്ചുള്ള ഗവൺമെന്റിന്റെ അധികാരം മറ്റാരും വിനിയോഗിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

കമ്പനികളിൽനിന്ന് വാഹനങ്ങൾ നേരിട്ടുവാങ്ങുമ്പോൾ എൻട്രി ടാക്സ് ഇനത്തിൽ ഒടുക്കിയ തുക

16 [3301] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വിവിധ വകുപ്പുകൾക്കായി എത്ര വാഹനങ്ങൾ വാങ്ങുന്നതിന് എത്ര തുകയ്ക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) ധനകാര്യ വകുപ്പ് വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയ വകുപ്പുകൾ, ഇവ ഡീലർമാർ വഴിയാണോ നേരിട്ടാണോ വാങ്ങിയത് എന്ന് വ്യക്തമാക്കുമോ; ഇതിൽ കമ്മിഷനായും, വാഹനങ്ങൾ ആയും സംസ്ഥാനത്തിന് എന്തെല്ലാം ലഭിച്ചിട്ടുണ്ട്;

(സി) കമ്പനിയിൽനിന്ന് വിവിധ വകുപ്പുകൾ നേരിട്ട് വാഹനങ്ങൾ വാങ്ങിയതിൽ എത്ര രൂപയുടെ കുറവുണ്ടായി; ഈ വിധത്തിൽ സർക്കാരിന് എത്ര രൂപയുടെ വരുമാനമുണ്ടായി; വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കമ്പനികളിൽനിന്ന് വിവിധ വകുപ്പുകൾ വാഹനങ്ങൾ നേരിട്ടു വാങ്ങുമ്പോൾ എൻട്രി ടാക്സ് ഇനത്തിൽ എത്ര രൂപ സർക്കാരിന് ഒടുക്കിയിട്ടുണ്ട്; വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ വിവിധ വകുപ്പുകൾ വാഹനങ്ങൾ എപ്രകാരം വാങ്ങുന്നതിനാണ് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട സർക്കുലറുകൾ ലഭ്യമാക്കുമോ;

(എഫ്) ഈ സർക്കാർ വന്നശേഷം വിവിധ വകുപ്പുകൾ വാങ്ങിയ വാഹനങ്ങൾക്ക് എൻട്രി ടാക്സ് ആയി എത്ര രൂപ അടയ്ക്കാനുണ്ട് എന്നും ഇതിൽ എത്ര രൂപ അടച്ചു എന്നും എത്ര അടയ്ക്കാനുണ്ട് എന്നും എത്ര വാഹനങ്ങൾക്ക് എൻട്രി ടാക്സ് ഒഴിവാക്കി കൊടുത്തു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) 17-4-2002-ലെ സ.ഉ. ജി.ഒ.(പി) നം. 233/2002/ധന. പ്രകാരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മതിയായ ബഡ്ജറ്റ് വിഹിതം ഉണ്ടെങ്കിൽ കണ്ടം ചെയ്ത പഴയ വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിന് അനുമതിയുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

സെയിൽസ് ടാക്സ് വകുപ്പിലെ നിയമനങ്ങൾ

17 [3302] ശ്രീ. പി. ടി. തോമസ്:
„ ടി. എൻ. പ്രതാപൻ:
„ വർക്കല കഹാർ:
„ കെ. എ. ചന്ദ്രൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് വകുപ്പിൽ ഏതെല്ലാം പോസ്റ്റുകളിലാണ് നേരിട്ടുള്ള നിയമനം നടത്തുന്നത്;

(ബി) പ്രസ്തുത പോസ്റ്റുകളിൽ എത്ര ശതമാനം പ്രൊമോഷനിലൂടെയും എത്ര ശതമാനം നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് നികത്തുന്നത്;

(സി) പ്രസ്തുത വകുപ്പിന് നേരിട്ട് നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ഡി) എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെയിൽസ് ടാക്സ് വകുപ്പിൽ പ്യൂൺ, എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികകൾക്കു പുറമേ വിൽപ്പന നികുതി ഓഫീസർ തസ്തികയിൽ കൂടി നേരിട്ടുള്ള നിയമനം നടത്തുന്നുണ്ട്.

(ബി) വിൽപ്പന നികുതി ഓഫീസർമാരുടെ ആകെയുള്ള സ്ഥിരം തസ്തികയുടെ 80% പ്രൊമോഷനിലൂടെയും 20% നേരിട്ടുള്ള നിയമനത്തിലൂടെയുമാണ് നികത്തുന്നത്. ശേഷിക്കുന്ന തസ്തികകളിൽ നേരിട്ടുള്ള നിയമനം മാത്രമേ നടത്തുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly